പ്രസിദ്ധീകരണത്തിന്

# കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

# കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (കെ.ഐ.ആർ.എഫ്)

# കേരള റാങ്കിംഗ്സ് 2023: രജിസ്റ്റർ ചെയ്യാം

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്ന പ്രഥമ പദ്ധതിയായ കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (കെ.ഐ.ആർ.എഫ്) ന്റെ പ്രവർത്തനം പുരോഗമിക്കുന്നു. ഈ റാങ്കിംഗ് സംവിധാനത്തിന്റെ ആദ്യ പതിപ്പായ കേരള റാങ്കിംഗ്സ് 2023 നുവേണ്ടിയുള്ള രജിസ്ട്രേഷൻ നടപടികൾ തുടരുന്നു. എൻ.ഐ.ആർ.എഫ് മാതൃകയുടെ അടിസ്ഥാന മൂല്യങ്ങളും ഘടകങ്ങളും ഉൾക്കൊണ്ടുകൊണ്ട്, സംസ്ഥാനാധിഷ്ഠിത വിദ്യാഭ്യാസ വീക്ഷണങ്ങൾ മുൻനിർത്തി, ശാസ്ത്രീയ മനോഭാവം, മതനിരപേക്ഷ കാഴ്ചപ്പാട് എന്നീ ഘടകങ്ങൾകൂടി കെ.ഐ.ആർ.എഫ് ൽ അവതരിപ്പിക്കുന്നുണ്ട്.

ഓൾ കേരള ഹയർ എഡ്യുക്കേഷൻ സർവേ (AKHES) യിൽ പങ്കാളികളായിട്ടുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും പ്രീ-രജിസ്റ്റേർഡ് സ്ഥാപനങ്ങളായി പരിഗണിക്കുന്നതാണ്. കേരള റാങ്കിംഗ്സ് 2023 ൽ പങ്കെടുക്കാനാഗ്രഹിക്കുന്ന, ഇനിയും മേൽപ്പറഞ്ഞ സർവ്വേയിൽ പങ്കാളികളായിട്ടില്ലാത്ത സ്ഥാപനങ്ങൾ kirf.kshec.org എന്ന വെബ്സൈറ്റ് സന്ദർശിച്ച്, രജിസ്ട്രേഷൻ നടത്തേണ്ടതാണ്. അന്വേഷണങ്ങൾക്ക് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ kirf.kshec@org എന്ന ഇ-മെയിൽ വിലാസത്തിലോ, 0471-2301293, 7561018708, 8921975507 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

**20/09/2023** **മെമ്പർ സെക്രട്ടറി**